"ഭരണഭാഷ – മാതൃഭാഷ"

DWCD/4524/2025-ICPS 4

വനിത ശിശുവികസന വകുപ്പ്

വനിത ശിശു വികസന ഡയറക്ടറേറ്റ്,
സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി,
മിഷൻ വാത്സല്യ
പൂജപ്പുര, തിരുവനന്തപുരം
തീയതി :02-08-2025
Email - icpskerala@gmail.com
Phone - 0471 – 2342235

**<u>സർക്കുലർ</u>**

വിഷയം: വനിത ശിശു വികസന വകുപ്പ് - സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി - മിഷൻ വാത്സല്യ - "ഉജ്ജ്വലബാല്യം പുരസ്കാരം 2024" - അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്

സൂചന: സർക്കാരിന്റെ 13/10/2021 ലെ സ.ഉ.(സാധാ)നം.67/2021/WCDD നമ്പർ ഉത്തരവ്.

വ്യത്യസ്ത മേഖലകളിൽ അനിതരസാധാരണമായ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികളെ ആദരിക്കുന്നതിനും, പ്രചോദനം നൽകുന്നതിനുമായി എല്ലാ വർഷവും സംസ്ഥാന സർക്കാർ വനിത ശിശു വികസന വകുപ്പ് മുഖേന ഉജ്ജ്വല ബാല്യം പുരസ്കാരം നൽകി വരുന്നു. കല, കായികം, സാഹിത്യം, ശാസ്ത്രം , സാമൂഹികം, പരിസ്ഥിതി സംരക്ഷണം, ഐ.ടി മേഖല, കൃഷി, മാലിന്യ സംസ്കരണം, ജീവകാരുണ്യപ്രവർത്തനം, ക്രാഫ്റ്റ്, ശിൽപ നിർമ്മാണം, അസാമാന്യ ധൈര്യത്തിലൂടെ നടത്തിയ പ്രവർത്തനം എന്നീ മേഖലകളെയും, ഭിന്നശേഷി കുട്ടികളെയും കൂടി പ്രത്യേക വിഭാഗമായി ഉൾപ്പെടുത്തി അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന 6 വയസ്സിനും 18 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു ജില്ലയിൽ നിന്ന് 4 കുട്ടികൾ എന്ന രീതിയിൽ "ഉജ്ജ്വലബാല്യം പുരസ്കാരം" നൽകുന്നതിന് സൂചന പ്രകാരം സർക്കാർ ഉത്തരവായിരുന്നു. 2024-ലെ ഉജ്ജ്വലബാല്യം പുരസ്കാരവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഉജ്ജ്വലബാല്യം പുരസ്കാരത്തിനായി കുട്ടികളെ 6-11 വയസ്സ്, 12-18 വയസ് എന്നീ രണ്ടു വിഭാഗങ്ങളിലായി തരം തിരിച്ച് ഓരോ വിഭാഗങ്ങളിലേയും ഓരോ കുട്ടിക്ക് പുരസ്കാരവും, സർട്ടിഫിക്കറ്റ്, 25,000/- രൂപ വീതവും നൽകുന്നതാണ്.

2. ഭിന്നശേഷി വിഭാഗത്തിലെ കുട്ടികളെ പ്രത്യേക വിഭാഗമായി പരിഗണിക്കുകയും, ടി കുട്ടികളെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ 6-11 വയസും, 12-18 വയസ് എന്നീ 2 വിഭാഗങ്ങളിലായി തരം തിരിച്ച് ഓരോ വിഭാഗങ്ങളിലെയും ഓരോ കുട്ടിക്ക് പുരസ്കാരവും സർട്ടിഫിക്കറ്റും 25,000/- രൂപ വീതവും നൽകുന്നതാണ്.

3. 2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിൽ പ്രാഗത്ഭ്യം തെളിയിച്ച കുട്ടികളെയാണ് പുരസ്കാരത്തിന് പരിഗണിക്കുന്നത്.

4. കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം, പരിസ്ഥിതി സംരക്ഷണം, ഐ.ടി മേഖല, കൃഷി, മാലിന്യസംസ്കരണം, ജീവകാരുണ്യ പ്രവർത്തനം, ക്രാഫ്റ്റ്, ശില്പനിർമ്മാണം, അസാമാന്യ ധൈര്യത്തിലൂടെ നടത്തിയ പ്രവർത്തനം എന്നീ മേഖലകളിൽ ഏതെങ്കിലുമൊന്നിലെങ്കിലും കഴിവ് തെളിയിച്ചിട്ടുള്ളവരായിരിക്കണം. (ഇതുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ, പ്രശസ്തി

പത്രങ്ങൾ, കുട്ടിയുടെ പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകമുണ്ടെങ്കിൽ ആയതിന്റെ പകർപ്പ്, കലാ പ്രകടനങ്ങൾ ഉൾക്കൊള്ളുന്ന CD/Pen drive, പത്രകറിപ്പുകൾ etc. എന്നിവ അപേക്ഷയോടൊപ്പം ഉൾകൊള്ളിക്കേണ്ടതും, **ആയത് അതത് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ സൂക്ഷിക്കേണ്ടതുമാണ്.**)

5 . പുരസ്കാരത്തിന് അർഹരായ കുട്ടികളുടെ അപേക്ഷ ഫോറത്തിന്റെ പകർപ്പ്, ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ വ്യക്തമായ ശുപാർശ (പട്ടിക രൂപത്തിൽ വയസ്സും, കാറ്റഗറി തിരിച്ചും), മീറ്റിംഗ് മിനിറ്റ്സ് എന്നിവ മാത്രം ഈ കാര്യാലയത്തിൽ സമർപ്പിച്ചാൽ മതിയാകും.

6. ഉജ്ജ്വലബാല്യം പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിവരം ജില്ലാ ഇൻഫോർമേഷൻ ഓഫീസറുമായി ബന്ധപ്പെട്ട് അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ പത്രപരസ്യം നൽകേണ്ടതാണ്. കൂടാതെ ടി വിവരം പൊതു ജനങ്ങളിൽ എത്തിക്കുന്നതിന് വേണ്ടി ആവശ്യമായ നടപടികൾ സ്വീകരിച്ചു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

7. പ്രധാൻ മന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാർ കരസ്ഥമാക്കിയ കുട്ടികളെ ടി അവാർഡിന് പരിഗണിക്കേണ്ടതില്ല.

8. ഒരു തവണ ഉജ്ജ്വലബാല്യം പുരസ്കാരം ലഭിച്ച കുട്ടികളെ പരിഗണിക്കേണ്ടതില്ല.

9. ജില്ലാ തല സെലെക്ഷന് കമ്മിറ്റിയിൽ 7 മെമ്പർമാരാണ് ഉള്ളത്.

- ജില്ലാ കലക്ടർ - ചെയർമാൻ
- ജില്ലാ വനിത ശിശുവികസന ഓഫീസർ- Vice Chairman
- ജില്ലാ ശിശു സംരക്ഷണ ഓഫീസർ - കൺവീനർ
- ബന്ധപ്പെട്ട ജില്ലയിലെ ബാലവകാശ കമ്മീഷൻ മെമ്പർ- മെമ്പർ
- ബന്ധപ്പെട്ട ജില്ലയിലെ CWC ചെയർമാൻ - മെമ്പർ
- കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം എന്നീ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള 2 പേർ (ജില്ലാ കലക്ടർ നിർദേശിക്കും പ്രകാരം).

10. പുരസ്കാരത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **2025 ഓഗസ്റ്റ് 30** ആണ്. അതിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

11. അതത് ജില്ലാ കലക്ടറുമായി കൂടി ആലോചിച്ച് സെലക്ഷൻ കമ്മിറ്റി ചേരുന്നതിനുള്ള തീയതി മുൻകൂട്ടി തീരുമാനിക്കേണ്ടതും അപേക്ഷ ലഭിക്കേണ്ട അവസാന തീയതി കഴിഞ്ഞാൽ ഉടൻ തന്നെ സെലക്ഷൻ കമ്മിറ്റി ചേരുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

12. ജില്ലാ കളക്ടർമാരുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് പ്രകാരമുള്ള സെലക്ഷൻ കമ്മറ്റി സമയബന്ധിതമായി രൂപീകരിച്ച് പുരസ്കാര ജേതാവിനെ തെരഞ്ഞെടുക്കേണ്ടതും, പുരസ്കാരത്തിന് അർഹരാകുന്ന കുട്ടിയെ സംബന്ധിച്ച വ്യക്തവും വസ്തുനിഷ്ഠവുമായ റിപ്പോർട്ടും ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ശുപാർശയും (മിനിറ്റ്സ് ഉൾപ്പെടെ ) സഹിതം വിശദ വിവരങ്ങൾ 2025 സെപ്റ്റംബർ 15 ന് 5:00 മണിക്ക് മുൻപായി SCPS ന്റെ ഇമെയിൽ ആയ icpskerala@gmail.com ലഭ്യമാക്കേണ്ടതുമാണ്.

13. പുരസ്കാരവുമായി ബന്ധപ്പെട്ട അപേക്ഷകൾ, സമർപ്പിക്കുന്ന രേഖകൾ എന്നിവ അതത് ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ സൂക്ഷിക്കേണ്ടതാണ്. പുരസ്കാരവുമായി ബന്ധപ്പെട്ട പരാതികൾ

ജില്ലാതല സെലക്ഷൻ കമ്മിറ്റി മുഖേന അതാത് ജില്ലകളിൽ തന്നെ പരിഹരിക്കേണ്ടതാണ്.

14. സമയ പരിധിയും മാനദണ്ഡങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്. വിശദ വിവരങ്ങൾ വകുപ്പിന്റെ www.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്കകം ലഭിക്കാത്ത അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കേണ്ടതില്ല.

15.പുരസ്കാരം വിതരണം സംബന്ധിച്ച് മറ്റു നിർദേശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

16. ഉജ്ജ്വലബാല്യം പുരസ്കാരം 2024 ന്റെ അപേക്ഷ ഫോറം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.

HARITHA V KUMAR IAS
**വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി,**
**സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി**

പകർപ്പ്:

**1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർക്കും**

**2. എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർക്കും**

അംഗീകാരത്തോടെ

സൂപ്രണ്ട്

# കേരള സർക്കാർ

## വനിത ശിശു വികസന വകുപ്പ്

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി

## ഉജ്ജ്വലബാല്യം പുരസ്കാരം 2024 : അപേക്ഷാ ഫോറം

Please affix a passport size Photo

1. പേര് (ഇംഗ്ലീഷ്) : ______________________

   ( മലയാളം) : ______________________

2. പൂർണ്ണമായ മേൽവിലാസം : ______________________

   ______________________

   ______________________

3. വയസ്സ് (as on 01.01.2025) : [ ]

4. ജനന തീയതി : [ ]

5. ആൺകുട്ടി/പെൺകുട്ടി/ഭിന്നലിംഗക്കാർ : ______________________

6. പഠിക്കുന്ന സ്ഥാപനത്തിന്റെ പേരും മേൽവിലാസവും : ______________________

   ______________________

   ______________________

7. വിഭാഗം

   a) പൊതു വിഭാഗം /ഭിന്നശേഷി : ______________________

   b) 6 – 11/, 12 – 18 (age Category) : ______________________

8. കഴിവ് പ്രകടിപ്പിച്ച മേഖലകൾ : ______________________

9. രക്ഷകർത്താവിന്റെ പേര് : ______________________

10. ഇ-മെയിൽ : ______________________

11. ടെലിഫോൺ നമ്പർ : ______________________

12. മൊബൈൽ നമ്പർ : ______________________

13. മറ്റു വിവരങ്ങൾ : ______________________

______________________

______________________

## സാക്ഷ്യപത്രം

..................................................................................... എന്ന ഞാൻ ഈ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ എന്റെ പൂർണ്ണ അറിവും വിശ്വാസവുമനുസരിച്ച് സത്യമാണെന്നും, നിശ്ചയിച്ചിട്ടുള്ള മാർഗ്ഗ നിർദേശങ്ങൾക്ക് അനുസൃതമായിട്ടാണ് ഉജ്ജ്വലബാല്യം പുരസ്കാരത്തിന് അപേക്ഷിച്ചിട്ടുള്ളതെന്നും, ഈ കാര്യത്തിൽ പ്രസക്തിയുള്ള യാതൊരു വസ്തുതയും മറച്ചുവെയ്ക്കുകയോ വെളുപ്പെടുത്താതിരിക്കുകയോ ചെയ്തിട്ടില്ലെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. അപേക്ഷയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുടെ പരിശോധനയിൽ ഏതെങ്കിലും ഘട്ടത്തിൽ അസത്യം/തെറ്റാണെന്ന് കണ്ടെത്തുകയോ യോഗ്യതാ മാനദണ്ഡം ഞാൻ പാലിക്കാതിരിക്കുകയോ ചെയ്താൽ, കാരണങ്ങളൊന്നും നൽകാതെ തന്നെ എന്റെ അപേക്ഷ നിരസിക്കാവുന്നതാണ് എന്ന് ഞാൻ മനസിലാക്കുന്നു.

തീയതി :

സ്ഥലം :

(രക്ഷകർത്താവിന്റെ/കുട്ടിയുടെ പേരും ഒപ്പും)